## സപ്ലൈകോയുടെ നവീകരിച്ച ആറു വില്പനശാലകളുടെ ഉദ്ഘാടനം മൂന്നിന്

സംസ്ഥാനത്ത് സപ്ലൈകോയുടെ നവീകരിച്ച ആറു വില്പനശാലകളുടെ ഉദ്ഘാടനം ഒക്ടോബർ മൂന്ന് വൈകിട്ട് മൂന്നിന് വീഡിയോ കോൺഫറൻസ് വഴി ഭക്ഷ്യ-പൊതുവിതരണ വകുപ്പ്മന്ത്രി പി.തിലോത്തമൻ നിർവ്വഹിക്കും . തിരുവനന്തപുരം പാളയംകുന്ന് മാവേലിസ്റ്റോർ, ഇടുക്കി കുമളി പീപ്പിൾസ് ബസാർ, എറണാകുളം പനങ്ങാട് സൂപ്പർമാർക്കറ്റ്, ആലപ്പുഴ ഹരിപ്പാട് സൂപ്പർമാർക്കറ്റ്, പാലക്കാട് വടവന്നൂർ മാവേലി സൂപ്പർ മാർക്കറ്റ് , മലപ്പുറം മക്കരപ്പറമ്പ് സൂപ്പർമാർക്കറ്റ് എന്നീ വില്പനശാലകളുടെ ഉദ്ഘാടനമാണ് നടക്കുക. എം എൽ എമാർ, പഞ്ചായത്ത്/മുനിസിപ്പൽ അധ്യക്ഷൻമാർ തുടങ്ങിയവർ പങ്കെടുക്കും . കോവിഡ് പ്രോട്ടോക്കോൾ പ്രകാരമാണ് ചടങ്ങ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**